(ഇ) ഉത്തരവ് പ്രകാരമല്ലെങ്കിൽ ഇതുസംബന്ധിച്ച തീരുമാനം എടുത്തത് ആരായിരുന്നെന്ന് അറിയിക്കാമോ;

(എഫ്) മുറികളുടെ ലേലവും കരാറും മറ്റു നടപടിക്രമങ്ങളും നഗരസഭയിലെ ഏതു വിഭാഗത്തിലാണ് നടന്നത്;

(ജി) ഇതിനായി കൗൺസിൽ ചുമതലപ്പെടുത്തിയിരുന്ന ജീവനക്കാർ ആരെല്ലാമായിരുന്നുവെന്നും അവരുടെ ഔദ്യോഗിക തസ്തികകളും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ആലപ്പുഴ നഗരസഭ വക ഇ.എം.എസ്. സ്റ്റേഡിയത്തിലെ കടമുറികൾ കൗൺസിൽ നിശ്ചയിച്ച ഡെപ്പോസിറ്റിലും വാടകയിലും എടുക്കുവാൻ താല്പര്യമുള്ള വ്യക്തികൾക്കായി പത്രപരസ്യം നൽകി ലേലം നടത്തിയിട്ടും ആരും പങ്കെടുക്കാത്ത സാഹചര്യത്തിൽ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഓഫറുകൾ സമർപ്പിച്ച മുറയ്ക്ക് ഏതാനും വ്യക്തികൾക്ക് മുറി അനുവദിച്ച് നൽകിയിട്ടുണ്ട്. മുറി അനുവദിക്കപ്പെട്ട ആളുകളുടെ പേര്, മുറിയുടെ വിസ്തീർണ്ണം, റൂം നമ്പർ, വാടക സംബന്ധിച്ച വിവരം എന്നിവ അനുബന്ധം(1)-ൽ* ഉൾക്കൊള്ളിച്ചിരിക്കുന്നു. അപേക്ഷ, തീയതി, മുറി അനുവദിച്ച തീയതി എന്നിവ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) 24-12-2013-ലെ കൗൺസിലിന്റെ 2-ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് വാടകയും, ഡെപ്പോസിറ്റും തീരുമാനിക്കുന്നത്. ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ റവന്യൂ സൂപ്രണ്ടാണ് കടമുറികൾ അനുവദിക്കുന്നത്. കൗൺസിൽ തീരുമാനം, മിനിറ്റ്സ് എന്നിവ സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി&ഇ) 30-7-2005-ലെ 36276/ബി1/05/എൽ.എസ്.ജി.ഡി. നമ്പർ ഉത്തരവനുസരണം ഇ.എം.എസ്. സ്റ്റേഡിയവുമായി ബന്ധപ്പെട്ട ബൈലോയിൽ 9-ാം ഖണ്ഡികയിൽ 250 രൂപ മുദ്രപത്രത്തിൽ കരാർ തയ്യാറാക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിലാണ് ഇക നിശ്ചയിച്ചിട്ടുള്ളത്.

(എഫ്&ജി) റവന്യൂ വിഭാഗത്തിൽ ഇതിനായി കൗൺസിൽ ചുമതല പെടുത്തിയിരുന്നത് മുനിസിപ്പൽ സെക്രട്ടറി, റവന്യൂ സൂപ്രണ്ട് എന്നിവരെയായിരുന്നു.

നാഷണൽ അർബൻ ലൈവ്ലിഹുഡ് മിഷൻ പദ്ധതി

104 (1575) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരപ്രദേശങ്ങളിൽ സ്വന്തമായി പാർപ്പിടമില്ലാത്തവർക്കുവേണ്ടി ഏതൊക്കെ പദ്ധതികളാണ് നിലവിലുള്ളത്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നാഷണൽ അർബൻ ലൈവ്‌ലിഹുഡ് മിഷൻ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) 'എല്ലാവർക്കും ഭവനം' എന്ന പദ്ധതി ഏതെല്ലാം നഗരസഭകളിലാണ് നടപ്പാക്കുന്നത്;

(ഇ) ഏതെല്ലാം വിഭാഗക്കാർക്കാണ് പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്; അർഹരായവർക്കെല്ലാം പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ബി.എസ്.യു.പി., ഐ.എച്ച്.എസ്.ഡി.പി., ആർ.എ.വൈ, പി.എം.എ.വൈ., എൻ.യു.എൽ.എം-ലെ 'ഷെൽറ്റർ ഫോർ അർബൻ ഹോംലെസ്' എന്നീ പദ്ധതികളാണ് നഗരപ്രദേശങ്ങളിൽ സ്വന്തമായി പാർപ്പിടമില്ലാത്തവർക്ക് വേണ്ടിയുള്ള ഭവന പദ്ധതികൾ.

(ബി&സി) നാഷണൽ അർബൻ ലൈവ്‌ലിഹുഡ് മിഷൻ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ ജനസംഖ്യാടിസ്ഥാനത്തിൽ 14 നഗരങ്ങളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ നടത്തിപ്പിനായി സംസ്ഥാന കുടുംബശ്രീ മിഷനെ നോഡൽ ഏജൻസിയായി നിയമിച്ചിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട നഗരസഭകളിൽ പദ്ധതിയുടെ ചുമതല നൽകി ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. സംസ്ഥാന തലത്തിലും നഗരങ്ങളിലും മിഷൻ മാനേജർമാരെ നിയമിച്ചു. സാമൂഹിക സംഘാടനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ അയൽക്കൂട്ടങ്ങൾ രൂപീകരിക്കുന്നതിനും നിർജ്ജീവമായവയെ ശക്തിപ്പെടുത്തുന്നതിനും പദ്ധതിവഴി സാമ്പത്തികസഹായവും പിന്തുണയും നൽകിവരുന്നു. കൂടാതെ അയൽക്കൂട്ടങ്ങൾക്കും എഡിഎസിനും സാമ്പത്തിക സഹായം നൽകുന്നുണ്ട്. ഇതിലൂപരിയായി സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരു വ്യക്തിക്ക് 2 ലക്ഷം രൂപയും ഒരു ഗ്രൂപ്പിന് 10 ലക്ഷം രൂപയും 4% പലിശനിരക്കിൽ വായ്പയായി നൽകുന്നു.

(ഡി) 1. തിരുവനന്തപുരം
2. കൊല്ലം
3. ആലപ്പുഴ
4. പത്തനംതിട്ട
5. കോട്ടയം
6. തൃശ്ശൂർ

LIBRARY ARCHIVES Kerala Legislative Assembly

7. കൊച്ചി
8. പാലക്കാട്
9. കോഴിക്കോട്
10. കല്പറ്റ
11. തൊടുപുഴ
12. മലപ്പുറം
13. കാസർഗോഡ്
14. കണ്ണൂർ

(ഇ) സ്വന്തമായി വീടില്ലാത്ത 3 ലക്ഷം രൂപവരെ വാർഷിക വരുമാനമുള്ള സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഇഡബ്ല്യുഎസ് ഗ്രൂപ്പിലും 3-6 ലക്ഷം രൂപ വരെ താഴ്ന്ന വരുമാനമുള്ള എൽഐജി ഗ്രൂപ്പിലും ഉൾപ്പെടുന്ന കുടുംബങ്ങളെയും 300 പേരോ 60-70 കുടുംബങ്ങളോ ഉള്ള ചേരി നിവാസികളെയുമാണ് ഗുണഭോക്താക്കളായി പരിഗണിക്കുന്നത്. അർഹരായവർക്കെല്ലാം പദ്ധതിയുടെ പ്രയോജനം ലഭിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

കെട്ടിട നിർമ്മാണത്തിന് ഓൺലൈൻ പെർമിറ്റ്

105 (1576) ശ്രീ. വർക്കല കഹാർ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഗരങ്ങളിലെ കെട്ടിട നിർമ്മാണത്തിന് ഓൺലൈൻ പെർമിറ്റ് നൽകുന്ന പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly